**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1390** **03-02-2026 - ൽ മറുപടിയ്ക്ക്**

**ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ആൻസലൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | 2016-17 സാമ്പത്തിക വർഷം മുതൽ 2025-26 സാമ്പത്തിക വർഷം വരെ നെയ്യാറ്റിൻകര മണ്ഡലത്തിൽ ഏതൊക്കെ സ്ഥലത്ത് ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; ടൂറിസം പദ്ധതി അനുവദിച്ച സ്ഥലങ്ങളുടെ പേരുവിവരവും അനുവദിച്ച തുക എത്രയെന്നും വ്യക്തമാക്കാമോ? | (എ) | • **നെയ്യാറ്റിൻകര ഈരാറ്റിൻപുറം റോക്ക് പാർക്ക് ടൂറിസം** വികസന പദ്ധതിക്കായി, 15.03.2017 തീയതിയിലെ സ.ഉ.(സാധാ)നം. 125/2017/ ടൂറിസം നമ്പർ ഉത്തരവ് പ്രകാരം ₹ 2,66,19,369/- രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ടി പദ്ധതി തിരുവനന്തപുരം ഡി.റ്റി.പി.സി യുടെ മേൽനോട്ടത്തിൽ ഇറിഗേഷൻ വകുപ്പ് മുഖേനയാണ് നടപ്പിലാക്കിയത്.<br>• "**Pilgrim Tourism Development at Swargaropitha matha Church at Chenkal Thiruvananthapuram"** എന്ന പദ്ധതിക്ക് ₹ 91,00,000/- രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഈ പദ്ധതി നിർവ്വഹണ ചുമതല ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിനാണ്.<br>• ചെങ്കൽ വില്ലേജിൽ സ്ഥിതി ചെയ്യുന്ന ദക്ഷിണ കൈലാസം ശിവപാർവ്വതി ക്ഷേത്രം എന്നറിയപ്പെടുന്ന വിനോദ സഞ്ചാരികളുടെയും ഭക്തരുടെയും സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി "**Development of Dhakshina Kailasom Sree Maheswara Sivaparvathi temple at Chenkal "** എന്ന പദ്ധതിക്കു രണ്ടു കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഈ പദ്ധതി നിർവ്വഹണ ചുമതല ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിനാണ്. |

സെക്ഷൻ ഓഫീസർ